4. എല്ലാവർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സർവ്വശിക്ഷാ അഭിയാൻ സ്കൂൾ, ബ്ലോക്ക്, ജില്ലാ വിദ്യാഭ്യാസ പദ്ധതികൾ തയ്യാറാക്കുന്നു. ഇതിൽ ഭിന്നശേഷിയുള്ള കുട്ടിക്കായി പ്രത്യേക ഇടപെടൽ മേഖല ഉണ്ട്. ഈ പദ്ധതി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് സമർപ്പിക്കുന്നു. പ്ലാൻ അപ്രൈസൽ ബോർഡ് അംഗീകരിക്കുന്ന പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ ജൂനിയർ ലാംഗ്വേജ് ടീച്ചറുടെ ഒഴിവുകൾ

65 (5136) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ 'ഉറുദു' ജൂനിയർ ലാംഗ്വേജ് ടീച്ചറുടെ (പാർട്ട് ടൈം/ഫുൾടൈം) എത്ര ഒഴിവുകൾ വീതം നിലവിലുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഫുൾടൈം ജൂനിയർ ഉറുദു തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. ടി തസ്തികയിൽ 2 അദ്ധ്യാപകർ അധികമായി നിലനിൽക്കുകയാണ്. പാർട്ട്ടൈം ജൂനിയർ ഉറുദു തസ്തികയിൽ 6 ഒഴിവുകൾ ഉണ്ട്. ഇവ നേരത്തേ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിൽ എൻ.സി.എ. ഒഴിവുകളായി പി.എസ്.സി. തന്നെ മാറ്റി വച്ചിട്ടുള്ളവയാണ്.

സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന

66 (5137) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംഭരണ കോളേജുകളിലെ പ്രവേശനത്തിലും ഫീസ് ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എയ്ഡഡ് കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നൽകുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്തുന്നുണ്ടോ ; ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(സി) സ്വയംഭരണ പദവിയും സ്വാശ്രയകോഴ്സുകളും ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തഃസത്ത തകർക്കുന്നതാണെന്ന വസ്തുത അറിവുള്ളതാണോ ;

(ഡി) ഈ തെറ്റായ നയത്തിനെതിരെ കോളേജ് കാമ്പസുകളിൽ നടന്ന പ്രക്ഷോഭങ്ങൾ പരിഗണിച്ച് നയം തിരുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഫീസ് ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല. സർക്കാർ/ എയ്ഡഡ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് നിലനിൽക്കുന്ന അതേ മാനദണ്ഡങ്ങൾ തന്നെയാണ് സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പരിഗണിക്കുന്നത്. പ്രസ്തുത കോളേജുകളിലെ മെറിറ്റ് സീറ്റ് ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലേയ്ക്കുമുള്ള പ്രവേശനവും അതാതു കോളേജുകളാണ് നടത്തുന്നത്. മെറിറ്റ് സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നല്കുന്നുണ്ട്.

(ബി) ഉണ്ട്. സ്വയംഭരണ പദവി ലഭിച്ച കോളേജുകളിലെ സ്വാശ്രയ കോഴ്സുകൾ സംബന്ധിച്ച് വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിശ്ചിത മാനദണ്ഡങ്ങൾപ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നല്കുന്നതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിക്ക് അധികാരമുണ്ട്.

സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്. അതിനാൽ സ്വയംഭരണ പദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല.

നാദാപുരം ഗവണ്മെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക

67 (5138) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാദാപുരം ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly